## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 847 — 30.10.2019-ൽ മറുപടിക്ക്

## അട്ടത്തോട് ട്രൈബൽ എൽ.പി. സ്കൂൾ കെട്ടിടനിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ശബരിമല വനാന്തർഭാഗത്ത് സ്ഥിതി ചെയ്യുന്ന അട്ടത്തോട് ട്രൈബൽ എൽ.പി. സ്കൂളിന് ഇതേവരെ അടിസ്ഥാന സൗകര്യങ്ങളൊന്നും തന്നെ ആയിട്ടില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ ഒന്ന് മുതൽ നാല് വരെയുള്ള 54 കുട്ടികളിൽ 50 കുട്ടികൾ പട്ടികവർഗ്ഗക്കാരാണ്. രണ്ട് ക്ലാസ്സ് മുറികളാണ് നിലവിലുള്ളത്. എന്നാൽ സ്കൂളിന് ആവശ്യമായ സ്ഥല സൗകര്യവും, മറ്റ് അടിസ്ഥാന സൗകര്യങ്ങളുമാണ് ഇല്ലാത്തത്. |
| ബി) | വനാവകാശനിയമപ്രകാരം സ്കൂളിന് എത്രഭൂമിയാണ് അനുവദിച്ചുനൽകി യിട്ടുള്ളതെന്ന് അറിയിക്കാമോ; | ബി) | വനാവകാശനിയമപ്രകാരം സ്കൂളിന് 0.5 ഹെക്ടർ ഭൂമിയാണ് അനുവദിച്ചു നൽകിയിട്ടുള്ളത്. |
| സി) | 100 ശതമാനം കുട്ടികളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരായിട്ടും പട്ടിക വർഗ്ഗവകുപ്പിന് ലഭിക്കുന്ന പൂൾഡ് ഫണ്ട് ഉപയോഗിച്ച് ഇവിടെ സ്കൂൾ കെട്ടിടം നിർമ്മിക്കാൻ കഴിയാത്ത തിന്റെ കാരണം വ്യക്തമാക്കാമോ; | സി) | പൂൾഡ് ഫണ്ടിൽ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിർദ്ദേശ പ്രകാരമാണ് സർക്കാരിന്റെ അനുമതിയ്ക്കായി പ്രൊപ്പോസലിൽ തയ്യാറാക്കുന്നത്. ആയതിൻ പ്രകാരം സ്റ്റേറ്റ് ലെവൽ വർക്കിംഗ് ഗ്രൂപ്പിലേയ്ക്ക് സമർപ്പിക്കുന്നതിലേയ്ക്കായി ഈ പ്രൊപ്പോസൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ അഭിപ്രായ ത്തിനായി സമർപ്പിച്ചപ്പോൾ ടി സ്കൂൾ സർക്കാർ സ്കൂൾ ആയതിനാൽ പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണത്തിന് സ്കൂൾ വിദ്യാഭ്യാസ വകുപ്പിൽ നിന്ന് തുക കണ്ടെത്തുകയോ, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ |

| | | | |
|---|---|---|---|
| | | | ഫണ്ട്/എം.എൽ.എ/എം.പി. ഫണ്ട് എന്നിവ മാനദണ്ഡ പ്രകാരം ഏകോപിപ്പിച്ച് തുക കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. |
| ഡി) | കെട്ടിടനിർമ്മാണത്തിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് പൊതു മരാമത്തുവകുപ്പ് തയ്യാറാക്കിയിട്ടുള്ള തെന്ന് അറിയിക്കാമോ; | ഡി) | കെട്ടിട നിർമ്മാണത്തിനായി 9,37,89,504/- രൂപയുടെ എസ്റ്റിമേറ്റാണ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി യിട്ടുള്ളത്. |
| ഇ) | പ്രസ്തുത തുക ഈവർഷത്തെ പൂൾഡ് ഫണ്ടിൽ നിന്നും അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കാമോ? | ഇ) | സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിർദ്ദേശ പ്രകാരം പ്രസ്തുത പദ്ധതിയ്ക്കായി പൂൾഡ് ഫണ്ടിൽ നിന്നും തുക അനുവദിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ